(ഡി) ലോകബാങ്ക് സഹായ പദ്ധതിപ്രകാരം പ്രവർത്തിക്കുന്ന ഐ.സി. ഡി.എസ്. ബ്ലോക്കുകളിലെ 1600 അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, ഭരണ നവീകരണ പദ്ധതിപ്രകാരം അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ബഹു. ധനകാര്യ മന്ത്രി ഈ വർഷം പ്രഖ്യാപിച്ച 27 കോടി രൂപ വകകൊള്ളിച്ചിട്ടുള്ള അംഗൻവാടി കെട്ടിടനിർമ്മാണം മുതലായവയിലൂടെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

അംഗൻവാടി വർക്കർ-ടീച്ചർമാരുടെ മാസവേതനം

27 [1328] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർ-ടീച്ചർമാർക്ക് ഇപ്പോൾ നൽകിവരുന്ന മാസ വേതനം എത്രയാണ്;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിച്ചത് എന്നാണ്;

(സി) പുതിയ വേതന വർദ്ധനവ് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു വരുന്നുണ്ടോ; എങ്കിൽ എന്ന് തീരുമാനം എടുക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മെട്രിക്കുലേറ്റ്, നോൺ മെട്രിക്കുലേറ്റ് എന്നിങ്ങനെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചും സർവ്വീസ് ദൈർഘ്യം കണക്കിലെടുത്തും അംഗൻവാടി വർക്കർമാർക്ക് 1,238 രൂപ മുതൽ 1,363 രൂപവരെയും അംഗൻവാടി ഹെൽപ്പർമാർക്ക് 800 രൂപയും പ്രതിമാസ വേതനമായി നൽകിവരുന്നു.

(ബി) 12-3-2003-ലെ ജി.ഒ. (ആർടി.) 126/2003/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം 1-4-2002 മുതൽ പ്രാബല്യത്തിൽ വരുമാറ് ഏറ്റവും ഒടുവിൽ ഓണറേറിയ വർദ്ധനവ് പ്രാബല്യത്തിൽവന്നു.

(സി) ഇല്ല. ബാധകമല്ല.

കുന്ദമംഗലത്തെ ഐ.സി.ഡി.എസ്. ഓഫീസ് കെട്ടിടം

28 [1329] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഐ.സി.ഡി.എസ്. ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കെട്ടിടത്തിന്റെ മാസ വാടക എത്രയാണ്; ഏതുമാസം വരെയുള്ളത് കൊടുത്തുതീർത്തു എന്നു വ്യക്തമാക്കുമോ;

(സി) കെട്ടിട ഉടമയ്ക്ക് വാടക കൊടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാടക കുടിശ്ശിക എന്ന് കൊടുത്തുതീർക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇവിടെ സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുവേണ്ടി സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നാണ് സ്ഥലം അനുവദിച്ചത്, ഏതുഭാഗത്താണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്; എത്ര സെന്റ് സ്ഥലം ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ജി) ഈ സ്ഥലത്ത് ഐ.സി.ഡി.എസ്. ഓഫീസ് പണിയുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(എച്ച്) തടസ്സം ഉണ്ടെങ്കിൽ ആയത് നീക്കുന്നതിനും ഓഫീസ് കെട്ടിടം പണിയുന്നതിനും സർക്കാർ കൈക്കൊണ്ട നടപടി വെളിപ്പെടുത്തുമോ?

ഉത്തരം

(എ—എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ജോലിഭാരം ലഘൂകരിക്കാൻ നടപടി

29 [1330] **ശ്രീ. യു. സി. രാമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ജോലിചെയ്യുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ പദ്ധതി പ്രവർത്തനങ്ങളുടെ ഇപ്ലിമെന്റിംഗ് ഓഫീസർമാരായതുകൊണ്ട് ഇവരുടെ ജോലിഭാരം വർദ്ധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തിലേക്ക് ഒന്ന് എന്ന തോതിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇത് എന്നുമുതൽ നടപ്പിൽവരുത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(സി) ബാധകമല്ല.

അംഗൻവാടി സൂപ്പർവൈസർമാരുടെ ഒഴിവുകൾ

30 [1332] **ശ്രീ. എ. എ. അസീസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ അംഗൻവാടി സൂപ്പർവൈസർമാരുടെ തസ്തിക ഒഴിവുണ്ടോ; എങ്കിൽ എത്ര;

1331-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly